ഉത്തരം

(എ) കേന്ദ്ര നവനവീകരണ മന്ത്രാലയത്തിന്റെ അംഗീകൃത ചാനൽ പാർട്ണർമാരുടെ ലിസ്റ്റിൽനിന്നും, ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത 13 ഏജൻസികളെയാണ് സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി നടപ്പിലാക്കാൻ നിയോഗിച്ചിരിക്കുന്നത്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സോളാർ കണക്ട് പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഗുണഭോക്താക്കൾക്കാണ് ലഭ്യമാക്കുന്നത്. ഈ പദ്ധതിയിൽ ഇതുവരെ യാതൊരു തുകയും വിതരണം ചെയ്യൽ തുടങ്ങിയിട്ടില്ല.

(സി) മേൽപ്പറഞ്ഞ പദ്ധതിയിൽ കേന്ദ്ര ധനസഹായമായി 24,000 പ്രതി കിലോ വാട്ടും (മൊത്തം തുകയുടെ 30% അല്ലെങ്കിൽ പരമാവധി 24,000 രൂപ) സംസ്ഥാന സർക്കാർ ധനസഹായമായി 10000 പ്രതി കിലോവാട്ടും ആണ് ലഭ്യമാക്കുന്നത്.

ഊർജ്ജ രംഗത്തെ സ്വയംപര്യാപ്തത

38 (423) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിന് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തേണ്ട അവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 63.6 MW-ന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുകൂടാതെ അതിരപ്പിള്ളി പദ്ധതി (163 MW) പ്രതിബന്ധങ്ങൾ നീക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഭരണാനുമതി ലഭിച്ച താപവൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ചീമേനിയിൽ എൽ.എൻ.ജി. ഉപയോഗിച്ചുള്ള പദ്ധതി.

2. ബ്രഹ്മപുരത്ത് 1026 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത പദ്ധതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

താപ വൈദ്യുത പദ്ധതികളുടെ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്:

1. ബ്രഹ്മപുരത്ത് കേടായ രണ്ട് ഡീസൽ ജനറേറ്ററുകൾക്ക് പകരം എൽ.എൻ.ജി. ഇന്ധനമായുള്ള 40 MW ജനറേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിക്കുവേണ്ടി ലെറ്റർ ഓഫ് അവാർഡ് wartsila എന്ന കമ്പനിക്ക് നൽകിക്കഴിഞ്ഞു.

2. കായംകുളം നിലയം നാഫ്തയിൽനിന്നും എൽ.എൻ.ജി.യിലേക്ക് മാറ്റുന്ന പദ്ധതി. കെ.എസ്.ഇ.ബി. തത്വത്തിൽ അംഗീകരിച്ച് ഗ്യാസിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി. നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള 1026 മെഗാവാട്ട് പദ്ധതിയുടെ ആദ്യഘട്ടമായി 400 മെഗാവാട്ടിനുള്ള വിശദമായ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എൻവയോൺമെന്റൽ സ്റ്റഡിക്കുവേണ്ടിയുള്ള ടേംസ് ഓഫ് റഫറൻസിന്റെ അംഗീകാരത്തിനു വേണ്ടി ഇംപാക്ട് അസസ്സ്മെന്റ് ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്.

4. പെട്രോനെറ്റും കെ.എസ്.ഇ.ബി.-യും യോജിച്ച് സംയുക്ത സംരംഭമായി പുതുവൈപ്പിനിൽ 1200 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതിക്കുവേണ്ടി വിശദമായ സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവ്, ഇറക്കുമതി ചെയ്യുന്ന വാതകത്തിന്റെ വിലയിലെ അസ്ഥിരത ഇവ കാരണം വാതകാധിഷ്ഠിത പദ്ധതികളെല്ലാംതന്നെ രാജ്യമൊട്ടാകെ സന്നിഗ്ദ്ധാവസ്ഥയിലാണ്.

5. കൽക്കരി ഇന്ധനമായുള്ള താപനിലയം ചീമേനിയിൽ സ്ഥാപിക്കാൻ മുമ്പുണ്ടായിരുന്ന തീരുമാനം പരിഗണനയിലാണ്.കേന്ദ്ര ഗവൺമെന്റിൽ നിന്നും കേരളത്തിന് കൽക്കരിപ്പാടം അനുവദിച്ചു കിട്ടുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്.

6. കൊച്ചിയിൽ പെറ്റ്കോക്ക് ഇന്ധനമാക്കിക്കൊണ്ടുള്ള പദ്ധതിക്ക് FACT-ന്റെ കൈവശമുള്ള 150 ഏക്കർ സ്ഥലം സംസ്ഥാന സർക്കാരിന് തിരികെ നൽകുന്നതിന് പ്രാരംഭമായി FACT-ന്റെ കൈവശ ഭൂമിയിന്മേൽ അവർക്ക് ഫ്രീഹോൾഡ് നൽകിക്കൊണ്ട് 7-5-2015-ൽ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. കൊച്ചി റിഫൈനറിയുമായി പെറ്റ്കോക്കിന്റെ വിലയെ സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

7. പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്തിലെ 300 ഏക്കർ ചതുപ്പുനിലങ്ങളിൽ NHPC നടപ്പിലാക്കാനുദ്ദേശിക്കുന്ന 50 മെഗാവാട്ട് സൗരോർജ്ജ പദ്ധതിക്കുവേണ്ടി 7-5-2014-ൽ കെ.എസ്.ഇ.ബി.-യും NHPC-യും ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ഭൂവുടമകളും പഞ്ചായത്തും ചേർന്ന് രൂപീകരിച്ച കമ്പനിയുമായി 29-9-2015-ൽ പദ്ധതിക്കുവേണ്ട സ്ഥലം പാട്ടത്തിന് എടുക്കുന്നതുമായി ബന്ധപ്പെട്ട് ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. കുറഞ്ഞ താരിഫിൽ പദ്ധതിയിൽനിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ എടുക്കുന്നതിന് NHPC-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നവ നവീകരണ ഊർജ്ജ സ്രോതസ്സുകളെ (New and renewable Energy Sources) പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി നടപ്പിൽ വരുത്തി കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -I *ആയി ചേർക്കുന്നു.

ഊർജ്ജ രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിന്റെ ഭാഗമായി വിവിധ കൺസ്യൂമർ തലങ്ങളിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ KSEBL ഏർപ്പെട്ടുവരുന്നു. പ്രസരണ വിതരണ ശൃംഖലയിലെ ഊർജ്ജനഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങളിൽ വളരെ ശ്രദ്ധ ചെലുത്തുന്നു. ഐസ് പ്ലാന്റുകളിലും കാർഷിക മേഖലയിലും വലിയ തോതിൽ സംഭവിക്കുന്ന ഊർജ്ജനഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങളിലും ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങളിലും ഇടപെട്ടുകൊണ്ടിരിക്കുന്നു. .

കൂടാതെ കേരളത്തിന് പുറമെനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള പല ദീർഘ/മധ്യകാല കരാറുകളിലും ബോർഡ് ഏർപ്പെട്ടിട്ടുണ്ട്.

ഇതിനുപുറമെ സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി 2000 MW ശേഷിയുള്ള HVDC സബ്സ്റ്റേഷൻ തൃശ്ശൂർ മാടക്കത്തറയിൽ സ്ഥാപിക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾ നടന്നുവരുന്നു. PGCIL ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

അനെർട്ട് മുഖേന നടപ്പിലാക്കിയ പ്രധാന പദ്ധതികൾ അനുബന്ധം -II* ആയി ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തേണ്ട അവസ്ഥ ഇപ്പോൾ നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly